**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കൊല്ലം ജില്ല — കടയ്ക്കൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എൻ. ജയപ്രകാശിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.702/2018/തസ്വഭവ                    തീയതി, തിരുവനന്തപുരം, 14.03.2018

==================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19.12.2015-ലെ ഇ 2(എസ് സി 33/2015/കെഎൽഎം) 18465/2015 നമ്പർ കത്ത്

2. സർക്കാരിന്റെ 12.07.2016-ലെ ഇപിബി2/97/2016/തസ്വഭവ നമ്പർ കുറ്റപത്രം
3. ശ്രീ. എൻ. ജയപ്രകാശ് സമർപ്പിച്ച 22.08.20146-ലെ പ്രതിവാദ പത്രിക
4. സ.ഉ.(സാധാ) നം.3324/2017/തസ്വഭവ തീയതി. 17.10.2017
5. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 15.12.2017-ലെ ഡി1-7184/2016 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

കൊല്ലം ജില്ലയിലെ കടയ്ക്കൽ ഗ്രാമപഞ്ചായത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. പരിശോധനയിൽ പഞ്ചായത്ത് വകയായ കടമുറികൾ ലേലം ചെയ്തതിൽ ക്രമക്കേടുകൾ ഉണ്ടെന്ന് കണ്ടെത്തുകയും തുടർന്ന് ടി ക്രമക്കേടിന് ഉത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ജയപ്രകാശിന് പരാമർശം (2) പ്രകാരം കുറ്റപത്രം നല്കി അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തു. ടിയാൻ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ കുറ്റാരോപണങ്ങളെല്ലാം നിഷേധിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിൽ, ശ്രീ. ജയപ്രകാശിന് കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നല്കിയതിനാലും കുറ്റാരോപണങ്ങളെല്ലാം ടിയാൻ നിഷേധിച്ചതിനാലും ടിയാനെതിരെ ഔപചാരിക അന്വേഷണംനടത്തേണ്ടതുണ്ടെന്ന് കണ്ടതിനാൽ ടിയാനെതിരെ ഔപചാരിക അന്വേണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

പഞ്ചായത്തിൽ വാടകയിനത്തിൽ കുടിശ്ശികയായ 3,00,540/-രൂപ പിരിച്ചെടുക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചില്ല എന്ന ആരോപണം സംബന്ധിച്ച് അന്വേഷിച്ചതിൽ ശ്രീ.എൻ ജയപ്രകാശ് ടി കുടിശ്ശിക തുക ഈടാക്കുന്നതിന് രേഖാമൂലം കത്ത് നൽകുകയും കമ്മിറ്റി തീരുമാനമനുസരിച്ച് ടിയാളിൽ നിന്ന് പലിശ സഹിതം തുക ഈടാക്കിയിട്ടുള്ളതായും കാണുന്നുവെന്നും ഈ കുടിശ്ശിക ഇനത്തിൽ ഗ്രാമപഞ്ചായത്തിന് യാതൊരു വിധ

സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ലാത്തതാണെന്നും .ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.എൻജയപ്രകാശിന്റെ വാദങ്ങൾ അംഗീകരിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കടമുറിയുടെ ലേലത്തുക മുൻവർഷത്തെക്കാൾ കുറഞ്ഞ നിരക്കിന് സ്ഥിരപ്പെടുത്തി എന്ന ആരോപണം സംബന്ധിച്ച്, മേൽ ലേലത്തിന്റെ രേഖകൾ പരിശോധിച്ചതിൽ 2 പ്രാവശ്യം നിയമാനുസൃത ലേലം വിളി നടത്തിയെങ്കിലും ഈ രണ്ട് ലേലങ്ങളിലും മുൻവർഷത്തെ ലേലത്തുകയായ 24,300/-രൂപയിൽ ലേലം വിളി ആരംഭിച്ചെങ്കിലും ആരും ലേലം അധികരിച്ച് വിളിക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ കടയ്ക്കൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 24.02.2015-ാം തീയതിയിലെ 11/14-15 നമ്പർ കമ്മിറ്റി തീരുമാനത്തിന് വിധേയമായിട്ടാണ് ടി കടമുറിയുടെ ആദ്യലേലത്തുകയായ 10000/-രൂപയിൽ ലേലം വിളി ആരംഭിക്കാൻ തീരുമാനിച്ചതെന്നും പഞ്ചായത്ത് കമ്മിറ്റിയുടെ മേൽ തീരുമാനം നടപ്പിലാക്കുക മാത്രമാണ് സെക്രട്ടറി ചെയ്തിട്ടുള്ളതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബങ്കുകൾ റൂമുകളായി തരം മാറ്റിയിട്ടുണ്ടെന്ന ആരോപണം സംബന്ധിച്ച് അന്വേഷിച്ചതിൽ ബങ്കുകൾ റൂമുകളാക്കി തരം മാറ്റിയതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടില്ലെന്നും ആയതിനാൽ ടിയാൻ സമർപ്പിച്ച വാദങ്ങൾ അംഗീകരിക്കാവുന്നതാണെന്നും കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കടയ്ക്കൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ജയപ്രകാശനെതിരെ സ്വീകരിച്ച അച്ചടക്ക നടപടിയിൽ നിന്നും ടിയാനെ പൂർണ്ണമായും കുറ്റവിമുക്തനാക്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

1. ശ്രീ. എൻ. ജയപ്രകാശ്, മുൻ സെക്രട്ടറി, കടയ്ക്കൽ ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ് (വിജി.ഡി3/69/2017-വിജി. തീയതി 11.09.2017 പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/97/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ